

# ചേലൂർ
# സെന്റ് മേരീസ് ഇടവക

ഇരിങ്ങാലക്കുട രൂപതയുടെ ആസ്ഥാനത്തു നിന്നും 4 കിലോമീറ്റർ പടിഞ്ഞാട്ടുമാറി ചേലൂർ ഇടവക സ്ഥിതിചെയ്യുന്നു. 1887 മെയ് 20-ന് ലിയോ 13-ാമൻ മാർപാപ്പ സീറോ മലബാർ ഹയരാർക്കിയുടെ ഭാഗമായി തൃശ്ശൂരും കോട്ടയത്തും വികാരിയത്തുകൾ സ്ഥാപിച്ചതിനു മുമ്പുതന്നെ 1880- ൽ സ്ഥാപിതമായ ചേലൂർ ഇടവക ദേവാലയത്തിന്റെ ചരിത്രം ആരംഭിക്കുന്നു.

## കുരിശുപള്ളി

ഇടവകക്കാർ ആദ്ധ്യാത്മിക ആവശ്യങ്ങൾക്കു വേണ്ടി ഇവിടെനിന്ന് ഏകദേശം 10 കിലോമീറ്റർ അകലെയുള്ള കല്പറമ്പ് പള്ളിയെ ആണ് ആശ്രയിച്ചിരുന്നത്. അക്കാലത്ത് പത്രോസ് ആശാൻ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടത്തിൽ മാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ച് വിശ്വാസികൾ ഒന്നുചേർന്ന് വണക്കമാസം നടത്തിയിരുന്നു. ആ കൂട്ടായ്മയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ചേലൂരിന്റെ പടിഞ്ഞാറെ അറ്റവും എടതിരിഞ്ഞിയുടെ കിഴക്കേ അറ്റവുമായ എടതിരിഞ്ഞി വില്ലേജിൽ 'അയിരുത്തിപറമ്പ്' എന്ന സ്ഥലം പള്ളിസ്ഥാപനത്തിനുവേണ്ടി 1879-ൽ വിലക്ക് വാങ്ങുകയും 1880-ൽ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ ഒരു കുരിശുപള്ളി സ്ഥാപിക്കപ്പെടുകയും ചെയ്തു.

## ഇടവക രൂപീകരണം

ക്രമേണ ഇടവകയായിത്തീർന്ന ഇവിടുത്തെ പൂർവികർ തങ്ങളുടെ ഭാഗാധാരങ്ങളിലൂടെ പള്ളിക്ക് ദാനമായി നല്കിയ ചെറിയ ചെറിയ തുണ്ടുഭൂമികൾ പാട്ടശീട്ട് എഴുതിവാങ്ങി അതിന്റെ ആദായം നിശ്ചയിച്ച് പള്ളിയുടെ നിത്യദാന ചെലവുകൾക്കായി വിനിയോഗിച്ചിരുന്നു. പള്ളിയിൽ നിന്ന് കുറികൾ തുടങ്ങുകയും ചെയ്തു.

ഇടവക ചരിത്രത്തിൽ ക്ലേശങ്ങളുടെയും പ്രതിബന്ധങ്ങളുടെയും കാലഘട്ടമാണ് 1932-38. പള്ളി നടത്തിയിരുന്ന കുറികളുടെ സംഖ്യ വിളിച്ചെടുത്തവരിൽ നിന്ന് യഥാസമയം ലഭിക്കാതെ വരികയും കുറിസംഖ്യ കൊടുക്കുവാൻ നിവൃത്തിയില്ലാതെ വരികയും ചെയ്തപ്പോൾ പള്ളി in pauper ഹർജി കൊടുക്കുകയും ചെയ്തു. ഇതിനകം പള്ളിയും പള്ളി നില്ക്കുന്ന സ്ഥലവും ഒഴിച്ച് ബാക്കിയെല്ലാം റിസീവറുടെ അധീനത്തിലായി കഴി

ഞ്ഞിരുന്നു. അഞ്ചികൈമൾ ഡിസ്ട്രിക്റ്റ് ജഡ്ജി ശ്രീ. പറമ്പി ലോനപ്പൻ BA.BL. അവർകളുടെ 10.03.1937-ലെ (1112 മീനം 6) 80 of 1108/mp നമ്പർ വിധി അനുസരിച്ച് പള്ളിയിലേക്ക് ലഭിക്കുവാനുള്ള സംഖ്യ പിരിച്ച് കൊടുക്കുവാനും റിസീവറുടെ ഭരണത്തിലുള്ള പള്ളി സ്വത്തുക്കൾ തിരിച്ചുനല്കുവാനുമുള്ള അനുകൂലമായ വിധിയുണ്ടായത് ബഹു. അടമ്പുകുളം തോമച്ചൻ വികാരി ആയിരിക്കുമ്പോഴാണ്. ഇടവക ജനത്തിന്റെ ക്രൈസ്തവ വിശ്വാസം ഊട്ടിയുറപ്പിച്ച ഈ വിധി ഇടവക മധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ പ്രത്യേക അനുഗ്രഹമായി കണക്കാക്കിവരുന്നു. 1945 മുതൽ 1950 വരെ ഇടവകയെ നയിച്ചത് ബഹു. ഇരിമ്പൻ ഔസേപ്പച്ചനായിരുന്നു.

## ശതാബ്ദി സ്മാരകം

നാം ഇന്ന് കാണുന്ന ഈ മനോഹര ദേവാലയം നിർമ്മിക്കുവാൻവേണ്ടി പൊളിച്ചുകളഞ്ഞ പഴയ പള്ളിയുടെ മുഖവാരവും മണിമാളികയും നിർമ്മിച്ചത് ബഹു. അഗസ്റ്റസ് തേക്കാനത്ത് സി.എം.ഐ. അച്ചൻ വികാരിയായിരുന്ന 1977-78 കാലഘട്ടത്തിലാണ്. പുതുക്കിപ്പണിത മുഖവാരത്തിന്റെ ആശീർവാദകർമ്മം 1978 ഡിസംബർ 8-ാം തിയ്യതി ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പള്ളിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനാവസരത്തിൽ നിർവ്വഹിച്ചു. ശതാബ്ദി സ്മാരകമായി പള്ളിയുടെ മുൻവശത്ത് റോഡിനഭിമുഖമായി നിർമ്മിച്ച സെന്റ് ജോർജ്ജ് കപ്പേള 30.12.1979-ൽ അഭിവന്ദ്യ പിതാവ് വെഞ്ചിരിച്ചു.

ബഹു. ജോബി പൊഴോലിപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ (1990-93) എടതിരിഞ്ഞിയിലെ സെന്റ് ആന്റണീസ് കപ്പേള മനോഹരമായി പുതുക്കിപ്പണിതു.

## നവീന ദേവാലയം

മുഴുവൻ വിശ്വാസികളുടെയും ആത്മീയ കാര്യങ്ങൾ സൗകര്യപൂർവ്വം നടത്തുന്നതിന് തീർത്തും അപര്യാപ്തവും ജീർണ്ണിച്ച് നശിച്ചുകൊണ്ടിരുന്നതുമായ പഴയ ദേവാലയം പുനരുദ്ധരിക്കേണ്ട ആവശ്യകത മനസ്സിലാക്കിയ ഇടവകജനം വികാരി ബഹു. ജോസഫ് മാളിയേക്കലച്ചന്റെ നേതൃത്വത്തിൽ (1994-98) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഇരിങ്ങാലക്കുട രൂപത കച്ചേരിയിലെ 07.10.1994-ലെ 768/94 ലെ കല്പനക്ക് വിധേയമായി പള്ളി പുതുക്കി പണിയുവാൻ തീരുമാനിക്കുകയും 1994 ഒക്ടോബർ 31-ാം തിയ്യതി ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. 25 ലക്ഷം രൂപയിലേറെ ചെലവഴിച്ച് പണികഴിപ്പിച്ച 100 അടി നീളവും 55 അടി വീതിയും മുഖവാരത്തിന് 90 അടി ഉയരവുമുള്ള ദേവാലയത്തിന്റെ ആശീർവാദകർമ്മം 1996 ഡിസംബർ 22-ന് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു.

പാരിഷ് ബുള്ളറ്റിൻ പ്രസിദ്ധീകരണത്തിന് തുടക്കം കുറിച്ച് പ്രഥമ ലക്കത്തിന്റെ പ്രകാശനകർമ്മം 1998 ഡിസംബർ 20-ന് അന്നത്തെ വികാരി ബഹു. ഡോ. ആന്റണി മഞ്ഞളിയച്ചൻ നിർവ്വഹിച്ചു. ഇരിങ്ങാലക്കുട ദൈവപരിപാലന ഭവനത്തിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി മലബാർ മിഷനറി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ അവശരായ രോഗികൾക്കായി 'ബെത്സയ്ദാ' എന്ന വൃദ്ധ പരിപാലന ഭവനത്തിന് 1999 ഏപ്രിൽ 11-ന് തുടക്കം കുറിച്ചതും മഞ്ഞളിയച്ചന്റെ സേവനകാലത്താണ്.

## നവീന വൈദികമന്ദിരം

ബഹു. ജോണി മേനാച്ചേരിയച്ചന്റെ നേതൃത്വത്തിൽ ജീർണ്ണാവസ്ഥയിലായ വൈദികമന്ദിരം പൊളിച്ചുമാറ്റി പുതിയ മന്ദിരം നിർമ്മിക്കുവാൻ ഇടവക പൊതുയോഗം തീരുമാനിക്കുകയും രൂപത കച്ചേരിയിലെ 07.05.2002 ലെ 258/02 കല്പനപ്രകാരം നിർമ്മാണ അനുമതി ലഭിക്കുകയും ചെയ്തു. 12 ലക്ഷം രൂപയിലേറെ ചെലവുചെയ്ത് പണി പൂർത്തിയാക്കിയ വൈദിക മന്ദിരത്തിന്റെ ആശീർവാദകർമ്മം 22.12.2002-ൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിക്കുകയുണ്ടായി.



വൈദിക മന്ദിരം

## 125-ാം വർഷ ജൂബിലി, പാരിഷ്ഹാൾ



പാരിഷ് ഹാൾ

ഇടവകയുടെ 125-ാം വർഷ ജൂബിലി ആഘോഷ പരിപാടികൾക്ക് രൂപവും ഭാവവും നല്കി തുടക്കം കുറിച്ചത് (27.12.2004) ബഹു. ഡോ. ജോജി പാലമറ്റത്തച്ചനാണ്. 125-ാം വർഷ ജൂബിലി സ്മാരകമായി ഒരു പാരിഷ്ഹാൾ നിർമ്മിക്കുവാൻ ഇരിങ്ങാലക്കുട രൂപതാകച്ചേരിയിലെ 2005 മേയ് 4-ാം തിയ്യതിയിലെ 270-ാം നമ്പർ കല്പനപ്രകാരം അനുമതി ലഭിക്കുകയും ആയതിന്റെ തറക്കല്ലിടൽ കർമ്മത്തിനും (21.05.2005) നിർമ്മാണത്തിനും ഫണ്ട് സ്വരൂപിക്കുന്നതിനും നേതൃത്വം നല്കിയത് ബഹു. ജോയി പുത്തൻവീട്ടിൽ അച്ചനായിരുന്നു. 15.8.2005-ൽ മാതാവിന്റെ ഗ്രോട്ടോ പണിത് വെഞ്ചിരിച്ചു.

2008 ജനുവരി 31-ാം തിയ്യതി വികാരിയായി ചാർജ്ജെടുത്ത ബഹു. ഡോ. ഡേവിസ് ചെങ്ങിനിയാടൻ അച്ചന്റെ നേതൃത്വത്തിൽ പാരിഷ്ഹാൾ പൂർത്തീകരിച്ച് 2009 ജനുവരി 18-ന് അഭിവന്ദ്യ പിതാവ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. 1.5.2009-ൽ സെന്റ് ജോസഫ് കപ്പേളയ്ക്ക് ശിലാസ്ഥാപനം നടത്തി, പണി ആരംഭിച്ചു.

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലും പടിയൂർ, പൂമംഗലം, പെരിഞ്ഞനം എന്നീ പഞ്ചായത്തുകളിലുമായി വ്യാപിച്ചുകിടക്കുന്ന ചേലൂർ ഇടവകയിൽ 12 കുടുംബ കൂട്ടായ്മകളിലായി 500-ൽ പരം വീടുകളുണ്ട്.



സെന്റ് മേരീസ് കപ്പേള

## കപ്പേളകൾ

ഇടവകയുടെ നാനാഭാഗങ്ങളിലായി വിവിധ കാലഘട്ടങ്ങളിൽ നിർമ്മിതമായ കപ്പേളകളാണ് സെന്റ് ജോർജ്ജ്, സെന്റ് ആന്റണീസ് (എടതിരിഞ്ഞി), ഫാത്തിമനാഥ, സെക്രഡ് ഹാർട്ട്, സെന്റ് സെബാസ്റ്റ്യൻ, സെന്റ് ആന്റണീസ് (എടക്കുളം) എന്നിവ.



സെന്റ് സെബാസ്റ്റ്യൻ കപ്പേള



സെന്റ് ആന്റണീസ് കപ്പേള, എടതിരിഞ്ഞി



സേക്രഡ് ഹാർട്ട് കപ്പേള



സെന്റ് ജോർജ്ജ് കപ്പേള



ഫാത്തിമനാഥാ കപ്പേള



സെന്റ് ആന്റണീസ് കപ്പേള

## എൽ.പി. സ്ക്കൂൾ

പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് നടത്തുന്നത് സഭയുടെ പ്രധാന ദൗത്യമായി പരിഗണിച്ച് 1917-ൽ ഇടവകയുടെകീഴിൽ പള്ളിക്ക് സമീപം ഒരു സ്ക്കൂൾ ആരംഭിച്ചു. തുടർന്ന് സ്ക്കൂളിന് വേണ്ടി സ്ഥലം വാങ്ങി കെട്ടിടം പണിത് 1920-ൽ പൂർണ്ണമായ അംഗീകാരത്തോടെ മാറ്റി സ്ഥാപിച്ചു. അതാണ് ഇന്ന് കാണുന്ന സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ.



സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ

പള്ളിയുടെ സ്വത്ത് ആയിരുന്ന സ്ക്കൂൾ, വിദ്യാർത്ഥി നീവിദ്യാർത്ഥികളുടെ മെച്ചപ്പെട്ട പരിശീലനത്തിനും പുരോഗതിക്കുമായി പിന്നീട് ബഹു. ജോസഫ് തെക്കിനിയത്ത് അച്ചന്റെ കാലത്ത് (1967-69) സി.എം.സി. സന്യാസിനീസമൂഹത്തിന് കൈമാറുകയുണ്ടായി.



ബെത്സയ്ദാ വൃദ്ധമന്ദിരം

## ജയമാതാ സി.എം.സി. കോൺവെന്റ്

ബഹു. കർമ്മലീത്താ സിസ്റ്റേഴ്സ് ആദ്യകാലങ്ങളിൽ ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ നിന്ന് ഇവിടെ വന്ന് പഠിപ്പിച്ചുകൊണ്ടിരുന്നു. കാലക്രമത്തിൽ സ്ക്കൂളിന് സമീപം താത്ക്കാലിക സംവിധാനങ്ങളോടെ ബഹു. സിസ്റ്റേഴ്സ് താമസം തുടങ്ങി. പിന്നീട് സ്വന്തമായ കെട്ടിടത്തിന്റെ പണികൾ ബഹു. ജോസഫ് വി. ചിറ്റിലപ്പിള്ളിയച്ചന്റെ കാലഘട്ടത്തിൽ തുടങ്ങിയെങ്കിലും മഠം പൂർത്തിയാക്കി 1972 ജൂൺ 17-ന് വെഞ്ചിരിച്ചത് ബഹു. തോമസ് താടിക്കാരനച്ചൻ വികാരിയായിരുന്നപ്പോഴാണ്.





ജയമാതാ സി.എം.സി. കോൺവെന്റ്

പഴയ പള്ളി

## ബെത്സയ്ദാ വൃദ്ധമന്ദിരം

ഇടവകയിൽ ഇരിങ്ങാലക്കുട നഗരാതിർത്തിയിൽപ്പെട്ട ചേലൂർ പ്രദേശത്ത് ദൈവപരിപാലന ഭവനത്തിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി മലബാർ മിഷനറി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ അവശരായ രോഗികൾക്കുവേണ്ടി 'ബെത്സയ്ദാ' എന്ന വൃദ്ധപരിപാലന ഭവനം 1999-ൽ സ്ഥാപിതമായി. ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ എം.എം.ബി.യാണ് അതിന് നേതൃത്വം നല്കിയത്. 1999 ഏപ്രിൽ 11-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു. 20 പേർക്ക് സ്ഥലസൗകര്യമുള്ള ഇവിടെ 5 ബ്രദേഴ്സും മറ്റു സഹായികളും സ്നേഹശുശ്രൂഷയിൽ വ്യാപൃതരാണ്.